ഉത്തരം

(എ) നിലവിൽ ജി.വി.കെ.ഇ.എം.ആർ.ഐ. എന്ന കമ്പനിയെയാണ് സംസ്ഥാനത്ത് '108' ആംബുലൻസ് സർവ്വീസിന്റെ ഓപ്പറേറ്റിംഗ് ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഒരു പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് മോഡലായിട്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സുതാര്യമായ ഒരു ടെണ്ടർ മുഖേന ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന ഏജൻസിയെയാണ് ഇതിന്റെ ഓപ്പറേറ്റിംഗ് ഏജൻസിയായി നിയമിക്കുന്നത്.

(ബി) 24 മണിക്കൂറും എല്ലാ വാഹനങ്ങളിലും ഒരു ഡ്രൈവർ, ഒരു ഇ.എം.ടി. (എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ/ടെയിൻഡ് നഴ്സ്) ഉണ്ടാകണമെന്ന വ്യവസ്ഥയാണ് ടെണ്ടറിലുള്ളത്. ജീവനക്കാരുടെ നിയമനം, സേവന വേതന വ്യവസ്ഥകൾ, ജോലി സമയം മുതലായവ കേരളത്തിലെ തൊഴിൽ സംബന്ധമായി നിലനിൽക്കുന്ന വ്യവസ്ഥകൾ പ്രകാരം നടപ്പിലാക്കുന്നത് ഓപ്പറേറ്റിംഗ് ഏജൻസിയുടെ ഉത്തരവാദിത്വത്തിലാണ്.

(സി) ജീവനക്കാരുടെ സുരക്ഷിതത്വം, നിയമപരിരക്ഷ, സേവന വേതന വ്യവസ്ഥകൾ മുതലായ കാര്യങ്ങളെല്ലാം കേരള സർക്കാരിന്റെ നിലവിലുള്ള നിയമവ്യവസ്ഥകൾ അനുസരിച്ച് നടപ്പാക്കണമെന്നുള്ളതാണ് ടെണ്ടറിലെ വ്യവസ്ഥ.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. '108' ആംബുലൻസ് സർവ്വീസ് പ്രവർത്തനം ആരംഭിച്ചത് മുതൽ 8 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്.

24 മണിക്കൂറും പ്രവർത്തിക്കുന്ന പി.എച്ച്.സി. കൾ

101 (4385) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്നതിനു വേണ്ടി ഏതെല്ലാം പി.എച്ച്.സി.കളെ തെരഞ്ഞെടുത്തിരുന്നു എന്ന് വിശദമാക്കുമോ;

(ബി) അവയിൽ ഏതെല്ലാം പി.എച്ച്.സി.കൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്;

(സി) അവയ്ക്ക് 24 മണിക്കൂർ പ്രവർത്തിക്കാൻ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്നതിനുവേണ്ടി 170 പി.എച്ച്.സി. കളെ തെരഞ്ഞെടുത്തിരുന്നു. വിശദവിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പി.എച്ച്.സി.കൾ 24 മണിക്കൂർ പ്രവർത്തിക്കുന്നതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സ്വീകരിച്ചുവരുന്നുണ്ട്; പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

RSBY CHIS PLUS ആനുകൂല്യം ഹീമോഫീലിയ രോഗികൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടി

102 (4388) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹീമോഫീലിയ രോഗചികിത്സാ സൗകര്യം കൂടുതൽ സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തുന്നതിനും, RSBY CHIS PLUS ആനുകൂല്യം ഹീമോഫീലിയ രോഗികൾക്കും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

ലോട്ടറി വകുപ്പിന്റെ കാരുണ്യ പദ്ധതിയിലൂടെ എല്ലാ ഹീമോഫീലിയ രോഗികൾക്കും മുന്ന ലക്ഷം രൂപ നൽകിവരുന്നു. അതിനു പുറമേ ഇവർക്ക് 1000 രൂപ പെൻഷനും നൽകുന്നുണ്ട്. 29/11/2014-ലെ സ.ഉ.(കൈ) നമ്പർ 337/14/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഹീമോഫീലിയ രോഗികൾക്കാവശ്യമായ ഫാക്ടർ 8, ഫാക്ടർ 9, ഫീബ ഇൻജക്ഷനുകൾ എസൻഷ്യൽ ഡ്രഗ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. RSBY CHIS PLUS ആനുകൂല്യം ഹീമോഫീലിയ രോഗികൾക്കും ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

ബേബിക്രഷിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

103 (4389) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേബിക്രഷിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ കൃത്യമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ വേതനം നല്കുന്ന ഏജൻസി ഏതാണ്;

(സി) ഈ മേഖലയിൽ സേവനമനുഷ്ഠിക്കുന്നവരുടെ വേതനം സർക്കാർ സർവ്വീസിലുള്ളത് പോലെ ഏകീകൃത സ്വഭാവമുള്ളതാണോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly